**മധുരമായ കുട്ടികളേ - സ്വയത്തെ രാജതിലകം ലഭിക്കാന്‍ യോഗ്യമാക്കി മാറ്റൂ, എത്ര പഠിപ്പ് പഠിക്കുന്നുവോ, ശ്രീമതം പാലിക്കുന്നുവോ, അത്രയും രാജതിലകം ലഭിക്കും.**

**ചോദ്യം -** ഏതൊരു സ്മൃതിയിലിരിക്കുകയാണെങ്കില്‍ രാവണത്വത്തിന്‍റെ സ്മൃതി വിസ്മൃതമായിപ്പോകും?
**ഉത്തരം -** സദാ സ്മൃതിയുണ്ടായിരിക്കണം നമ്മള്‍ സ്ത്രീയോ പുരുഷനോ അല്ല, നമ്മള്‍ ആത്മാക്കളാണ്, നമ്മള്‍ വലിയച്ഛനില്‍(ശിവബാബ)നിന്നും ചെറിയച്ഛനിലൂടെ(ബ്രഹ്മാബാബ) സമ്പത്ത് എടുത്തുകൊണ്ടിരിക്കുകയാണ്. ഈ സ്മൃതിയിലൂടെ രാവണത്വത്തിന്‍റെ സ്മൃതി മറപ്പിക്കും. ഒരു അച്ഛന്‍റെ കുട്ടികളാണെന്നുള്ള സ്മൃതി ഉണരുന്നതോടെ രാവണത്വത്തിന്‍റെ സ്മൃതി സമാപ്തമാകുന്നു. ഇതും പവിത്രമായിരിക്കാനുള്ള വളരെ നല്ല യുക്തിയാണ്. പക്ഷേ ഇതില്‍ പ്രയത്നം ആവശ്യമാണ്.

**ഗീതം -** അങ്ങയെ നേടിയ ഞങ്ങള്‍ ലോകം മുഴുവനും നേടിക്കഴിഞ്ഞു..........

**ഓം ശാന്തി**. ആത്മീയ അച്ഛന്‍ ആത്മീയ കുട്ടികള്‍ക്ക് മനസ്സിലാക്കിത്തരുന്നു. എല്ലാവരും തിലകം തൊടുന്നത് ഇവിടെ നെറ്റിയിലാണ്. ഇവിടം ആത്മാവിന്‍റെ നിവാസസ്ഥാനമാണ്, രണ്ടാമതായി രാജതിലകവും ഇവിടെത്തന്നെയാണ് തൊടുക. ഇത് ആത്മാവിന്‍റെ അടയാളം തന്നെയാണ്. ഇപ്പോള്‍ ആത്മാക്കള്‍ക്ക് അച്ഛനില്‍ നിന്നും സ്വര്‍ഗ്ഗത്തിന്‍റെ ചക്രവര്‍ത്തി പദവി ലഭിക്കണം. വിശ്വത്തിന്‍റെ രാജതിലകം വേണം. സൂര്യവംശി-ചന്ദ്രവംശി മഹാരാജാ മഹാറാണിയായിത്തീരുന്നതിനുവേണ്ടിയാണ് പഠിക്കുന്നത്. ഇത് പഠിക്കുക അര്‍ത്ഥം സ്വയം തനിക്കു വേണ്ടി രാജതിലകം നല്‍കുകയാണ്. നിങ്ങള്‍ ഇവിടേക്കു വന്നിരിക്കുന്നതു തന്നെ പഠിക്കുന്നതിനു വേണ്ടിയാണ്. ബാബാ, ഞങ്ങള്‍ അങ്ങയില്‍ നിന്നും വിശ്വത്തിന്‍റെ സ്വരാജ്യം അവശ്യം പ്രാപ്തമാക്കുമെന്ന് ഭൃഗുടിയില്‍ വസിക്കുന്ന ആത്മാവാണ് പറയുന്നത്. സ്വയത്തിന് വേണ്ടി ഓരോരുത്തര്‍ക്കും സ്വന്തം പുരുഷാര്‍ത്ഥം ചെയ്യണം. ബാബാ, ഞങ്ങള്‍ അപ്രകാരം സത്പുത്രരായി കാണിക്കാം എന്ന് പറയുന്നു. അങ്ങ് ഞങ്ങളുടെ പെരുമാറ്റത്തെ നോക്കണം എങ്ങനെയുണ്ടെന്ന്. അവനവനും അറിയാന്‍ സാധിക്കുന്നു ഞങ്ങള്‍ രാജതിലകത്തിന് യോഗ്യരാണോ അല്ലയോ എന്ന്. നിങ്ങള്‍ കുട്ടികള്‍ക്ക് ബാബയുടെ സത്പുത്രനായി കാണിക്കുക തന്നെ വേണം. ബാബാ, ഞങ്ങള്‍ അങ്ങയുടെ പേര് തീര്‍ച്ചയായും പ്രശസ്ഥമാക്കും. ഞങ്ങള്‍ അങ്ങയുടെ സഹയോഗികളും അവനവന്‍റെ സഹയോഗികളുമായി ഭാരതത്തില്‍ തങ്ങളുടെ രാജ്യം ഭരിക്കും. ഭാരതവാസികള്‍ നമ്മുടെ രാജ്യം എന്ന് പറയാറുണ്ടല്ലോ. പക്ഷേ ഇപ്പോള്‍ നമ്മള്‍ വിഷയവൈതരണി നദിയില്‍ പെട്ടിരിക്കയാണെന്ന് ആ പാവങ്ങള്‍ക്കറിയില്ല. ഇപ്പോള്‍ നമ്മള്‍ ആത്മാക്കളുടെ രാജ്യമല്ലല്ലോ. ഇപ്പോള്‍ ആത്മാക്കള്‍ തലകീഴായി തൂങ്ങി കിടക്കുകയാണ്. ഭക്ഷണത്തിനുള്ള വകപോലുമില്ല. എപ്പോഴാണോ ഭാരതത്തിന്‍റെ അവസ്ഥ ഇതുപോലെയാകുന്നത്, അപ്പോഴാണ് ബാബ വന്ന് നമുക്ക് രാജയോഗം പഠിപ്പിക്കുന്നത്. പരിധിയില്ലാത്ത അച്ഛനെ ഓര്‍മ്മിക്കണം ബാബ തന്നെയാണ് സ്വര്‍ഗ്ഗത്തെ രചിക്കുന്നത്. ബാബ പതിതപാവനനും ജ്ഞാനസാഗരനുമാണ്. ഇത് നിങ്ങള്‍ കുട്ടികളുടെ ബുദ്ധിയിലല്ലാതെ മറ്റാരുടെയും ബുദ്ധിയിലില്ല. ഇത് കേവലം നിങ്ങള്‍ക്കേ അറിയൂ നമ്മുടെ അച്ഛന്‍ ജ്ഞാനസാഗരനും സുഖസാഗരനുമാണ്. ബാബയുടെ ഈ മഹിമകളെല്ലാം തന്നെ പക്കയായി ഓര്‍മ്മിക്കണം ഒരിക്കലും മറക്കരുത്. അച്ഛന്‍റെ മഹിമയല്ലേ. ബാബ പുനര്‍ജന്മ രഹിതനാണ്. കൃഷ്ണന്‍റെ മഹിമ തീര്‍ത്തും വേറിട്ടതാണ്. പ്രധാനമന്ത്രിയുടെയും രാഷ്ട്രപതിയുടെയും മഹിമയ്ക്ക് വ്യത്യാസമുണ്ടാകുമല്ലോ. ബാബ പറയുന്നു എനിക്കും ഈ ഡ്രാമയില്‍ ഉയര്‍ന്നതിലും ഉയര്‍ന്ന പാര്‍ട്ട് ലഭിച്ചിട്ടുണ്ട്. ഇത് പരിധിയില്ലാത്ത നാടകമാണ്, ഈ നാടകത്തിന്‍റെ ആയുസ്സ് ഇത്രയാണ് എന്നൊക്കെ നാടകത്തിലുള്ള അഭിനേതാക്കള്‍ക്ക് അറിയണമല്ലോ. അഥവാ അറിയുന്നില്ലെങ്കില്‍ അവരെ വിവേകശൂന്യരെന്നേ പറയൂ. പക്ഷേ ഇത് ആര്‍ക്കും തന്നെ മനസ്സിലാകുന്നില്ല. മനുഷ്യര്‍ എന്തില്‍ നിന്നും എന്തായി തീരുന്നു എന്നതിന്‍റെ വ്യത്യാസത്തെക്കുറിച്ച് ബാബ വന്ന് മനസ്സിലാക്കിത്തരുന്നു. ഇപ്പോള്‍ നിങ്ങള്‍ക്ക് മനസ്സിലാക്കാന്‍ സാധിക്കുന്നു, 84 ജന്മങ്ങള്‍ എങ്ങനെ എടുക്കുന്നു എന്നതിനെക്കുറിച്ച് മനുഷ്യര്‍ക്ക് തീര്‍ത്തും അറിയില്ല. ഭാരതം എത്ര ഉയര്‍ന്നതായിരുന്നു, ഇതിന്‍റെ ചിത്രങ്ങളുമുണ്ടല്ലോ. സോമനാഥ ക്ഷേത്രത്തില്‍ നിന്നും എത്ര ധനമാണ് കൊള്ളയടിക്കപ്പെട്ട് കൊണ്ടുപോയത്. ആദ്യം എത്ര ധനമുണ്ടായിരുന്നു. ഇപ്പോള്‍ നിങ്ങള്‍ കുട്ടികള്‍ ഇവിടേക്ക് പരിധിയില്ലാത്ത അച്ഛനുമായി കൂടിക്കാഴ്ച നടത്താന്‍ വന്നിരിക്കുകയാണ്. കുട്ടികള്‍ക്കറിയാം ശ്രീമത്ത് പ്രകാരമാണ് ബാബയില്‍ നിന്നും രാജതിലകം നേടുന്നത്. ഇതില്‍ തീര്‍ച്ചയായും പവിത്രമായി മാറണം. ജന്മജന്മാന്തരം വിഷയവൈതരണി നദിയില്‍ മുങ്ങിത്താണ് മതിയായില്ലേ. ക്ഷീണിച്ചില്ലേ. ഞങ്ങളില്‍ യാതൊരു ഗുണവുമില്ല, ഞങ്ങള്‍ പാപികളാണെന്നാണ് പറയുന്നത് അപ്പോള്‍ തീര്‍ച്ചയായും എപ്പോഴോ ഒരിക്കല്‍ ഗുണമുണ്ടായിരുന്നു ഇപ്പോഴില്ല.

ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി –നമ്മൾ വിശ്വത്തിന്റെ അധികാരികളായിരുന്നു, സർവ്വഗുണസമ്പന്ന രായിരുന്നു. ഇപ്പോൾ നമ്മളിൽ ഗുണങ്ങളൊന്നുമില്ല. ഇതും ബാബ തന്നെയാണ് മനസ്സിലാക്കിത്തന്നത്. കുട്ടികളുടെ രചയിതാവ് അച്ഛനാണ്. അപ്പോൾ അച്ഛനു തന്നെ എല്ലാ കുട്ടികളുടെ മേലും ദയയും തോന്നുന്നു. ബാബ പറയുന്നു ഡ്രാമയിൽ എന്റെ പാർട്ടും ഇതുതന്നെയാണ്. എത്രത്തോളം തമോപ്രധാനമായിരിക്കുന്നു. അസത്യം, പാപം, ലഹള എന്തെല്ലാമാണ്. നമ്മൾ ഒരു സമയത്ത് വിശ്വത്തിന്റെ അധികാരികൾ, ഡബിൾ കിരീടധാരികളായിരുന്നു എന്ന് എല്ലാ ഭാരതവാസികളായ കുട്ടികളും മറന്നു പോയി. ബാബ അവർക്ക് സ്മൃതി ഉണർത്തുകയാണ്, നിങ്ങൾ ആദ്യം വിശ്വത്തിന്റെ അധികാരികളായിരുന്നു പിന്നീട് 84 ജന്മങ്ങളെടുത്ത് താഴേക്ക് വന്നിരിക്കുകയാണ്. നിങ്ങൾ 84 ജന്മങ്ങളെക്കുറിച്ച് മറന്നു കഴിഞ്ഞു. 84 ജന്മത്തിനു പകരം 84 ലക്ഷം ജന്മങ്ങളാണ് നൽകിയിരിക്കുന്നത്, എത്ര അത്ഭുതമാണ്, കല്പത്തിന്റെ ആയുസ്സ് ലക്ഷക്കണക്കിന് വർഷങ്ങളാണെന്നും പറഞ്ഞു. എത്ര ഘോരാന്ധകാരമാണ്. എത്ര അസത്യമാണ്. ഭാരതം തന്നെയായിരുന്നു സത്യഖണ്ഡം, ഇപ്പോൾ അതേ ഭാരതം അസത്യ ഖണ്ഡമായിത്തീർന്നിരിക്കുന്നു. ആരാണ് സത്യഖണ്ഡം സ്ഥാപിച്ചത്, അസത്യ ഖണ്ഡം ആര് സ്ഥാപിച്ചു എന്നുള്ളത് ആർക്കും തന്നെ അറിയില്ല. രാവണനെക്കുറിച്ചും ആർക്കും അറിയില്ല. ഭക്തർ രാവണനെ കത്തിക്കാറുണ്ട്. ധാർമ്മിക ചിന്താഗതിയുള്ള ഏതെങ്കിലും മനുഷ്യരോട് നിങ്ങൾ ചോദിക്കൂ, മനുഷ്യർ എന്തെല്ലാമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. സ്വർഗ്ഗം, പാരഡൈസ് എന്നെല്ലാം പറയുന്ന സത്യയുഗത്തിൽ എങ്ങനെ ചെകുത്താനായ രാവണൻ വന്നു. നരകത്തിലെ മനുഷ്യർക്ക് ഏങ്ങനെ സ്വർഗ്ഗത്തിൽ സ്ഥാനം ലഭിക്കുന്നു. അപ്പോൾ ഇതെല്ലാം തെറ്റാണെന്ന് അവർ മനസ്സിലാക്കും. നിങ്ങൾക്ക് രാമരാജ്യത്തിന്റെ ചിത്രം വെച്ച് പറഞ്ഞു കൊടുക്കുവാൻ സാധിക്കും, ഇതിൽ രാവണൻ എവിടെ നിന്നു വരാനാണ്. നിങ്ങൾ മനസ്സിലാക്കി കൊടുത്താലും അവർ മനസ്സിലാക്കില്ല. വളരെ വിരളം പേരെ ഇത് കേൾക്കൂ. നിങ്ങൾ വളരെ കുറച്ചുപേർ മാത്രമേയുള്ളൂ, അതും മുന്നോട്ടു പോകവേ ഇതിൽ എത്ര പേരുണ്ടാകുമെന്ന് നോക്കണം.

അപ്പോൾ ബാബ മനസ്സിലാക്കിത്തന്നു– ആത്മാവിന്റെ ചെറിയ അടയാളവും ഇവിടെത്തന്നെയാണ് കാണിക്കുന്നത്. വലിയ അടയാളമാണ് രാജതിലകം. ഇപ്പോൾ ബാബ വന്നിരിക്കുകയാണ്. എങ്ങനെ അവനവന് വലിയ തിലകം(രാജതിലകം) നൽകാൻ സാധിക്കും, നിങ്ങൾ എങ്ങനെയാണ് സ്വരാജ്യം പ്രാപ്തമാക്കുക? ഈ വഴിയെല്ലാം ബാബ മനസ്സിലാക്കിത്തരുകയാണ്. അതിന്റെ പേരാണ് രാജയോഗം. രാജയോഗം പഠിപ്പിക്കുന്നത് ഒരേയൊരു ബാബയാണ്. കൃഷ്ണനെ ഒരിക്കലും അച്ഛൻ എന്ന് പറയാൻ സാധിക്കില്ല. കൃഷ്ണൻ ചെറിയ കുട്ടിയാണ്, രാധയുമായി സ്വയംവരം നടക്കുമ്പോൾ അവർക്ക് ഒരു കുട്ടിയുണ്ടാകുന്നു. ബാക്കി കൃഷ്ണന് ഇത്രയും റാണിമാരുണ്ടെന്ന് പറയുന്നതെല്ലാം അസത്യമാണ്. പക്ഷേ ഇതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ഇങ്ങനെയുള്ള കാര്യങ്ങൾ വീണ്ടും കേൾക്കും. നമ്മൾ ആത്മാക്കൾ എങ്ങനെ മുകളിൽ നിന്നും വന്ന് പാർട്ട് അഭിനയിക്കുന്നു എന്ന് ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്. ഒരു ശരീരത്തെ ഉപേക്ഷിച്ച് മറ്റൊന്ന് എടുക്കുന്നു. ഇത് വളരെ സഹജമാണ്. കുട്ടികൾ ജനിച്ചാൽ അവർക്ക് എന്തെല്ലാം പറയണമെന്ന് പഠിപ്പിച്ചു കൊടുക്കുന്നു. പഠിപ്പിച്ചു കൊടുക്കുമ്പോഴാണ് അവർ പഠിക്കുന്നത്. ബാബ നിങ്ങളെ എന്തെല്ലാമാണ് പഠിപ്പിക്കുന്നത്? കേവലം അച്ഛനെയും സമ്പത്തിനെയും ഓർമ്മിക്കാനായി മാത്രം പറയുന്നു. അങ്ങ് മാതാപിതാവാണെന്നുള്ള മഹിമ പാടുന്നു......... സുഖത്തിന്റെ സമ്പത്ത് ലഭിക്കുന്നതിനായി ആത്മാവാണ് പാടുന്നത്. ശിവബാബയാണ് നമ്മെ പഠിപ്പിക്കുന്നതെന്ന് നിങ്ങൾ കുട്ടികൾക്കറിയാം. ഇവിടെ നിങ്ങൾ ശിവബാബയുടെ അടുത്തേക്കാണ് വന്നിരിക്കുന്നത്. ഭാഗീരഥൻ എന്നു പറയുന്നത് മനുഷ്യ രഥത്തെയാണ്. ഇതിൽ പരമപിതാവായ പരമാത്മാവാണ് പ്രവേശിച്ചിട്ടുള്ളത്, പക്ഷേ രഥത്തിന്റെ പേരെന്താണ്? ബ്രഹ്മാവ് തന്നെയാണ് പേര് എന്നുള്ളത് നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ അറിയാം. കാരണം ബ്രഹ്മാവിലൂടെയാണ് ബ്രാഹ്മണരെ രചിക്കുന്നത്. ആദ്യം ഉണ്ടാകുന്നത് ബ്രാഹ്മണരാകുന്ന കുടുമികളാണ് പിന്നീടാണ് ദേവതകൾ. ആദ്യം വേണ്ടത് ബ്രാഹ്മണരാണ് അതുകൊണ്ടാണ് വിരാടരൂപത്തിലും കാണിച്ചിരിക്കുന്നത്. നിങ്ങൾ ബ്രാഹ്മണർ തന്നെയാണ് പിന്നീട് ദേവതകളായിത്തീരുന്നത്. ബാബ വളരെ നല്ല രീതിയിലാണ് മനസ്സിലാക്കിത്തരുന്നത് എന്നിട്ടും കുട്ടികൾ മറന്നു പോകുന്നു. ബാബ പറയുന്നു കുട്ടികളേ സദാ ഈ സ്മൃതിയിലിരിക്കൂ നമ്മൾ സ്ത്രീയോ പുരുഷനോ അല്ല ആത്മാക്കളാണ്. നമ്മൾ വലിയച്ഛനിൽ നിന്നും(ശിവബാബ) ചെറിയച്ഛനിലൂടെ സമ്പത്ത് നേടിക്കൊണ്ടിരിക്കുകയാണ് എന്ന സ്മൃതി സദാ ഉണ്ടായിരിക്കണം എങ്കിൽ രാവണത്വത്തിൽ നിന്നും മുക്തമാകുന്നു. ഇതാണ് പവിത്രമായിരിക്കാനുള്ള വളരെ നല്ല യുക്തി. ബാബയുടെ അടുത്തേക്ക് ധാരാളം ദമ്പതികൾ വരുന്നുണ്ട്, രണ്ടുപേരും ബാബാ എന്നു പറയുന്നുണ്ട്. നമ്മൾ ഒരച്ഛന്റെ കുട്ടികളാണെന്നുള്ള സ്മൃതി ലഭിച്ചു എങ്കിൽ രാവണത്വത്തിന്റെ സ്മൃതി ഇല്ലാതാക്കണം. ഇതിൽ പ്രയത്നം ആവശ്യമാണ്. പ്രയത്നം കൂടാതെ ഒന്നും തന്നെ ലഭിക്കില്ല. നമ്മൾ ബാബയുടേതായിത്തീർന്നി രിക്കുകയാണ്, അതുകൊണ്ട് ബാബയെത്തന്നെ ഓർമ്മിക്കണം. ബാബയും ഇതുതന്നെയാണ് പറയുന്നത് എന്നെ ഓർമ്മിക്കൂ എന്നാൽ വികർമ്മം നശിക്കും. 84 ജന്മത്തിന്റെ കഥ വളരെ സഹജമാണ്. ബാക്കി

ബാബയെ ഓർമ്മിക്കുന്നതിലാണ് മുഴുവൻ പ്രയത്നവും. ബാബ പറയുന്നു കുറഞ്ഞത് 8 മണിക്കൂറെങ്കിലും ഓർമ്മയിലിരിക്കാനുളള പുരുഷാർത്ഥം ചെയ്യൂ. ഒരു മണിക്കൂർ, അരമണിക്കൂർ......ക്ലാസ്സിലേക്ക് വരുകയാണെങ്കിൽ സ്മൃതിയിൽ വരുന്നു അച്ഛനാണ് നമ്മെ പഠിപ്പിക്കുന്നത്. ഇപ്പോൾ നമ്മൾ ബാബയുടെ സന്മുഖത്താണ്. ബാബ കുട്ടികളേ-കുട്ടികളേ എന്ന് പറഞ്ഞാണ് മനസ്സിലാക്കിത്തരുന്നത്. നിങ്ങൾ കുട്ടികൾ കേൾക്കുന്നു. ബാബ പറയുന്നു മോശമായത് കാണരുത്, കേൾക്കരുത്.......... ഇതെല്ലാം തന്നെ ഇപ്പോഴത്തെ കാര്യങ്ങളാണ്.

ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം നമ്മൾ ജ്ഞാനസാഗരനായ ബാബയുടെ സന്മുഖത്തേക്ക് വന്നിരിക്കുകയാണ്. ജ്ഞാനസാഗനായ ബാബ മഴുവൻ സൃഷ്ടിയുടെയും ജ്ഞാനത്തെ കേൾപ്പിച്ചു തരുന്നു. ഈ ജ്ഞാനം ആര് ഉൾക്കൊണ്ടോ ഇല്ലയോ എന്നുളളത് അവരവർക്കനുസരിച്ചിരിക്കും. ബാബ വന്ന് നമുക്ക് ജ്ഞാനം നൽകി കൊണ്ടിരിക്കുകയാണ്. നാം ഇപ്പോൾ രാജയോഗം പഠിക്കുന്നു. ഇതിനുശേഷം ശാസത്രങ്ങളുടെയോ ഭക്തിയുടെയോ അംശം പോലും ഉണ്ടാകില്ല. ഭക്തിമാർഗ്ഗത്തിൽ അല്പം പോലും ജ്ഞാനമുണ്ടാകില്ല, ജ്ഞാനമാർഗ്ഗത്തിൽ ഭക്തിയുടെ അംശം ലേശം പോലും ഉണ്ടാകില്ല. ജ്ഞാനസാഗരനായ ബാബ വന്നാലേ ജ്ഞാനം കേൾപ്പിക്കൂ. ജ്ഞാനം സദ്ഗതിയ്ക്കു വേണ്ടിയാണ്. സദ്ഗതിദാതാവ് ഒരേയൊരു ഭഗവാനാണ്. എല്ലാവരും വിളിക്കുന്നതും ഒരേയൊരു പതിതപാവനനെയാണ്, മറ്റാരെയും പതിതപാവനൻ എന്നു പറയില്ല. ഇപ്പോൾ ബാബയിലൂടെ നിങ്ങൾ കുട്ടികൾ സത്യമായ കാര്യങ്ങൾ കേട്ടുകൊണ്ടിരിക്കുകയാണ്. ബാബ പറയുന്നു- കുട്ടികളേ, ഞാൻ നിങ്ങളെ എത്ര ധനവാനാക്കി മാറ്റിയിരുന്നു. 5000 വർഷങ്ങളുടെ കാര്യമാണ്. നിങ്ങൾ ഡബിൾ കിരീടധാരികളായിരുന്നു, പവിത്രതയുടെയും കിരീടമുണ്ടായിരുന്നു. പിന്നീട് എപ്പോഴാണോ രാവണരാജ്യം ആരംഭിച്ചത് അപ്പോൾ നിങ്ങൾ പൂജാരികളായിത്തീർന്നു. ഇപ്പോൾ ബാബ പഠിപ്പിക്കാനായി വന്നിരിക്കുകയാണ്, അപ്പോൾ ബാബയുടെ ശ്രീമതം പാലിക്കണം, മറ്റുളളവർക്ക് വഴി പറഞ്ഞു കൊടുക്കണം. ബാബ പറയുന്നു എനിക്ക് ഈ ശരീരം ലോണായി എടുക്കണം. മഹിമ മുഴുവനും ശിവബാബയുടേതാണ് ബാക്കി ബ്രഹ്മാവ് ശിവബാബയുടെ രഥമാണ്. അല്ലാതെ പുരാണത്തിൽ കാണിച്ചിരിക്കുന്ന പോലെ കാളയല്ല. ബലിയർപ്പണം മുഴുവനും ശിവബാബയ്ക്കാണ്, ബാബയാണ് നിങ്ങൾക്ക് കേൾപ്പിച്ചു തരുന്നത് ഞാൻ(ബ്രഹ്മാവ്) ഇടയിൽ കേൾക്കുന്നു. എനിക്ക് മാത്രം ഒറ്റയ്ക്ക് കേൾപ്പിച്ചു തരാൻ സാധിക്കില്ലില്ലോ. നിങ്ങൾക്ക് കേൾപ്പിച്ചു തരുമ്പോൾ ഞാനും കേൾക്കുന്നു എന്നു മാത്രം. ബ്രഹ്മാവും പുരുഷാർത്ഥി വിദ്യാർത്ഥിയാണ്. നിങ്ങളും വിദ്യാർത്ഥികളാണ്. ബ്രഹ്മാവും പഠിക്കുന്നു, ബാബയുടെ ഓർമ്മയിലിരിക്കുന്നു. എത്ര സന്തോഷത്തിലാണ് ഇരിക്കുന്നത്. ലക്ഷ്മി-നാരായണനെ കാണുമ്പോൾ എത്ര സന്തോഷിക്കുന്നു- നമുക്കും ഇതായിത്തീരണം. നിങ്ങൾ ഇവിടേക്ക് വന്നിരിക്കുന്നതു തന്നെ സ്വർഗ്ഗത്തിലെ രാജകുമാരീ-കുമാരനായി മാറാനാണ്. ഇത് രാജയോഗമല്ലേ. ലക്ഷ്യവും മുന്നിൽ തന്നെയുണ്ട്. പഠിപ്പിക്കുന്ന ഭഗവാൻ മുന്നിൽ തന്നെയുണ്ട്, അപ്പോൾ എന്തുകൊണ്ട് അത്രയ്ക്ക് സന്തോഷമില്ല. ഉളളിൽ വളരെയധികം സന്തോഷമുണ്ടായിരിക്കണം. ബാബയിൽ നിന്നും നമ്മൾ കല്പകല്പം സമ്പത്ത് എടുത്തുകൊണ്ടിരിക്കുന്നുണ്ട്. ഇവിടെ നമ്മൾ ജ്ഞാനസാഗരന്റെ അടുത്തേക്കാണ് വരുന്നത്, അല്ലാതെ വെളളത്തിന്റെ കാര്യമല്ല. ഇവിടെ ബാബ നമുക്ക് സന്മുഖത്ത് മനസ്സിലാക്കിത്തരുന്നു. നിങ്ങൾ ദേവതയാകുന്നതിനു വേണ്ടിയുളള പഠിപ്പാണ് പഠിക്കുന്നത്. ഇപ്പോൾ നമ്മൾ വീട്ടിലേക്ക് പോകുന്നു എന്ന സന്തോഷം നിങ്ങൾക്ക് ഉണ്ടായിരിക്കണം. ഇപ്പോൾ ആര് എത്രത്തോളം പഠിക്കുന്നുവോ അത്രയ്ക്കും ഉയർന്ന പദവി ലഭിക്കുന്നു. ഓരോരുത്തർക്കും അവരവരുടേതായ പുരുഷാർത്ഥം ചെയ്യണം. ഒരിക്കലും ഹൃദയനൈരാശ്യം ഉണ്ടാകരുത്. വളരെ വലിയ ലോട്ടറിയാണ് ലഭിച്ചിരിക്കുന്നത്. ഇതെല്ലാം മനസ്സിലാക്കിയിട്ടും ചില കുട്ടികൾ ആശ്ചര്യപ്പെടുത്തി കൊണ്ട് ഓടിപ്പോയി പഠിപ്പ് ഉപേക്ഷിക്കുന്നു. മായ എത്ര ശക്തിശാലിയാണ്. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുളള മുഖ്യമായ സാരം -

1. സ്വയത്തെ രാജതിലകം നൽകാൻ യോഗ്യരാക്കി മാറ്റണം. സത്പുത്രനായ കുട്ടിയായി തെളിവ് നൽകണം. പെരുമാറ്റം വളരെ രാജകീയമായിരിക്കണം. ബാബയുടെ പൂർണ്ണ സഹയോഗികളായിരിക്കണം.

2. നമ്മൾ വിദ്യാർത്ഥികളാണ്, നമ്മെ ഭഗവാനാണ് പഠിപ്പിക്കുന്നത്, ഈ സന്തോഷത്തോടെ പഠിപ്പ് പഠിക്കണം. ഒരിക്കലും പുരുഷാർത്ഥത്തിൽ ഹൃദയനൈരാശ്യം ഉണ്ടാകരുത്.

**വരദാനം:- തന്റെ അധികാരത്തിന്റെ ശക്തിയിലൂടെ ത്രിമൂർത്തി രചനയെ സഹയോഗിയാക്കി മാറ്റുന്ന മാസ്റ്റർ രചയിതാവായി ഭവിക്കട്ടെ.**

ത്രിമൂർത്തി ശക്തികളായ മനസ്സ്, ബുദ്ധി, സംസ്കാരം താങ്കൾ മാസ്റ്റർ രചയിതാവിന്റെ രചനകളാണ്. ഇവയെ തന്റെ അധികാരത്തിന്റെ ശക്തിയിലൂടെ സഹയോഗിയാക്കി മാറ്റൂ. എങ്ങനെയാണോ രാജാവ് സ്വയം ജോലിയൊന്നും ചെയ്യുന്നില്ല, മറ്റുള്ളവരെക്കൊണ്ട് ചെയ്യിപ്പിക്കുന്നു, ചെയ്യുന്ന രാജ സേവകൻ വേറെയുണ്ടായിരിക്കും, അതേപോലെ ആത്മാവും ചെയ്യിപ്പിക്കുന്നവനാണ്, ചെയ്യുന്നത് ഈ വിശേഷ ത്രിമൂർത്തികളാണ്. അതിനാൽ മാസ്റ്റർ രചയിതാവിന്റെ വരദാനത്തെ സ്മൃതിയിൽ വെച്ച് ത്രിമൂർത്തി ശക്തികളെയും സാകാര കർമ്മേന്ദ്രിയങ്ങളെയും ശരിയായ മാർഗ്ഗത്തിലൂടെ നടത്തിക്കൂ.

**സ്ലോഗൻ:- അവ്യക്ത പാലനയുടെ വരദാനത്തിന്റെ അധികാരം എടുക്കുന്നതിന് വേണ്ടി സ്പഷ്ടവാദിയാകൂ.**

**അവ്യക്ത സൂചനകൾ- ആത്മീയ രാജകീയതയുടെയും പവിത്രതയുടെയും വ്യക്തിത്വം ധാരണ ചെയ്യൂ.**

പവിത്രത കേവലം ബ്രഹ്മചര്യമല്ല, അത് അടിത്തറയാണ്, എന്നാൽ അതിനോടൊപ്പം നാലെണ്ണം വേറെയുമുണ്ട്. ക്രോധവും അതിന്റെ എല്ലാ കൂട്ടുകാരുമുണ്ട്, ആ മഹാഭൂതങ്ങളുടെ ത്യാഗം, ഒപ്പം അവയുടെ കുട്ടിമക്കളുടെയും ചെറിയ-ചെറിയ അംശത്തിന്റെയും വംശത്തിന്റെയും ത്യാഗം ചെയ്യൂ, അപ്പോൾ പറയാം പവിത്രതയുടെ ആത്മീയ രാജകീയത ധാരണ ചെയ്തിട്ടുണ്ടെന്ന്.